

കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

താനൂർ ബ്ലോക്ക് പഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2023-2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: **dompm.ksad@kerala.gov.in**
ഫോൺ : **0483-2734951**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ:
കെ.എസ്.എ.എം.പി.എം8/2647/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 31/12/2024
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
താനൂർ ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : താനൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം താനൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (AIMS മുഖേന)
2. ജോയിന്റ് ഡയറക്ടർ, എൽ.എസ്.ജി.ഡി., മലപ്പുറം (ഇ.മെയിൽ മുഖേന)
3. കാര്യാലയ പകർപ്പ്

നമ്പർ: തീയ്യതി: 31/12/2024
കെ.എസ്.എ.എം.പി.എം8/2647/2024

മലപ്പുറം ജില്ലയിലെ താനൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ താനൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 09-08-2023 മുതൽ 10-12-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 17 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 14 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 20-12-2024 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ.ശശിഭൂഷൺ. ഇ	സീനിയർ ഡെപ്യൂട്ടി ഡയറക്ടർ	11-12-2024	20-12-2024

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
11-12-2024	20-12-2024

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. അബ്ദുൽ റഷീദ് എം.പി, ഓഡിറ്റ് ഓഫീസർ
ശ്രീ. മുഹമ്മദ് ഫാറൂഖ് കെ.പി, ഓഡിറ്റ് ഓഫീസർ

ശ്രീ. ജാസിം. എൻ.വി, ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി. സൽമ കെ	പ്രസിഡന്റ്	01-04-2023	31-03-2024
ശ്രീ. ജോസ് കുമാർ. എസ്	സെക്രട്ടറി	01-04-2023	02-12-2023
ശ്രീമതി. ഗീത എടപ്പരുത്തി	സെക്രട്ടറി	03-12-2023	31-03-2024

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി. ജുമൈലത്ത്	അസി.എക്സി.എൻജിനിയർ	01-04-2023	31-03-2024
ശ്രീമതി. ജിൽസി. ഐ	അസിസ്റ്റന്റ് എഞ്ചിനീയർ	01-04-2023	31-03-2024
ശ്രീ. മഹേഷ്. പി	ക്ഷീര വികസന ഓഫീസർ	01-04-2023	31-03-2024
ശ്രീമതി. ബിന്ദു. പി	വ്യവസായ വികസന ഓഫീസർ	01-04-2023	31-03-2024
ഡോ. അഹമ്മക്കുട്ടി വലിയപീടിയേക്കൽ	മെഡിക്കൽ ഓഫീസർ(സി.എച്ച്.സി)	01-04-2023	14-11-2023
ഡോ. അബ്ദുൾ ജലീൽ	മെഡിക്കൽ ഓഫീസർ(സി.എച്ച്.സി)	15-11-2023	31-03-2024
ശ്രീമതി. ബീന. സി.ജെ	ശിശു വികസന പദ്ധതി ഓഫീസർ	01-04-2023	31-03-2024
ശ്രീമതി. കദീജ	ശിശു വികസന പദ്ധതി ഓഫീസർ അഡീഷണൽ	01-04-2023	31-03-2024
ശ്രീമതി. അഞ്ജു	പട്ടികജാതി വികസന ഓഫീസർ	01-04-2023	31-03-2024
ശ്രീ. ബാബു ഷക്കീർ	കൃഷി അസിസ്റ്റന്റ് ഡയറക്ടർ	01-04-2023	31-03-2024

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	വാർഷിക അനുപാതങ്ങൾ, മുൻവർഷത്തെ താരതമ്യ തുകകൾ എന്നിവ തയ്യാറാക്കി സമർപ്പിച്ചിട്ടില്ല.	1-1-1
2	ഓഡിറ്റ് സർട്ടിഫിക്കറ്റ്	1-1
3	ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല.	1-1-2
4	Fixed Asset Depreciation കണക്കാക്കിയതിന്റെ അനുബന്ധ വിവരങ്ങൾ ലഭ്യമാക്കിയില്ല.	1-1-3
5	വിവിധ ഫണ്ട് ഇനങ്ങളിലെ വരവ് ചെലവ് തുകകൾ എ.സി.ആർ, വാർഷിക കണക്ക് എന്നിവയിൽ പൊരുത്തപ്പെടുന്നില്ല.	1-1-4
6	ഓഡിറ്റിൽ ക്യത്യത പരിശോധിക്കാവുന്ന രീതിയിൽ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല.	1-1-5
7	ബജറ്റ്	1-2
8	സാമ്പത്തിക വിശകലനം	1-3
9	ഫണ്ട് വിനിയോഗം (ACR പ്രകാരം)	1-4
10	പദ്ധതി അവലോകനം	1-5
11	തൊഴിലുറപ്പു പദ്ധതി	1-6
12	ക്ഷേമ പദ്ധതികൾ	1-7
13	ക്യാഷ് വെരിഫിക്കേഷൻ	1-8
14	ആഭ്യന്തര നിയന്ത്രണം.	1-9
15	മറ്റു ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം	1-10
16	ഡയാലിസിസ് സെന്ററിന് ഡയാലിസിസ് കിറ്റ് - മുഴുവൻ മരുന്നുകളും ലഭ്യമായില്ല	1-11
17	പാലിയേറ്റീവ് കെയർ പദ്ധതി- അപാകതകൾ	1-12
18	സർക്കാർ ഉത്തരവിന് വിരുദ്ധമായി സി.എച്ച്.സി യിൽ അധികം ജീവനക്കാരെ നിയമിച്ചു.	1-13
19	വളവന്നൂർ സി.എച്ച്.സി യിലേക്ക് മരുന്ന് വാങ്ങൽ-മരുന്നുകൾ ലഭ്യമായില്ല	1-14
20	പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി നിർമാണം - പൂർത്തിയാക്കിയില്ല	1-15
21	ക്ഷീര വികസന ഓഫീസിലേക്ക് യു.പി.എസ് വാങ്ങൽ- നടപടിക്രമങ്ങൾ പാലിച്ചില്ല.	1-16
22	വനിതാ സ്വയം സഹായ യൂണിറ്റുകൾക്ക് തൊഴിൽ സംരംഭം - പ്രവർത്തനരഹിതമായ ഗാർമെന്റ് യൂണിറ്റ് പ്രവർത്തനക്ഷമമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.	1- 17
23	ഔദ്യോഗിക വാഹനങ്ങളുടെ ഡ്രൈവർമാർക്ക് യാത്രാബത്ത നൽകിയതിലെ അപാകതകൾ	1-18
24	AEE ഓഫീസ് ഡ്രൈവർക്ക് യാത്രാബത്ത നൽകിയതിലെ അപാകതകൾ	1-19
25	പ്രവൃത്തികളുടെ മേൽ ഇൻഷുറൻസ് പരിരക്ഷ എടുത്തില്ല	1-20
ഭാഗം 2		
--- No Records Found ---		
ഭാഗം 3		
--- No Records Found ---		

ഭാഗം 4		
1	വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം	4-1
2	സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം	4-2
3	നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ	4-3
4	മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്	4-4
5	വായ്പ/വായ്പ തിരിച്ചടവ്	4-5
6	സ്ഥിര നിക്ഷേപങ്ങൾ	4-6
7	ഓഡിറ്റ് റിക്കവറി	4-7
8	സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം	4-8
9	ചാർജ് /സർചാർജ് നടപടികളുടെ വിവരം	4-9
10	ഓഡിറ്റ് പ്രത്യവലോകനം	4-10
11	തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ	4-11
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	

ഭാഗം -1
പൊതു അവലോകനം

1-1-1 വാർഷിക അനുപാതങ്ങൾ, മുൻവർഷത്തെ താരതമ്യ തുകകൾ എന്നിവ തയ്യാറാക്കി സമർപ്പിച്ചിട്ടില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62(2)(ഇ) പ്രകാരമുള്ള കുറിപ്പുകൾ, 62(2)(എഫ്) പ്രകാരമുള്ള അനുപാതങ്ങൾ, 62(3) പ്രകാരമുള്ള മുൻവർഷ താരതമ്യ തുകകൾ എന്നിവ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. താനൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2024 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31.03.2024 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 31.05.2024 തീയതിയിലെ 1ാം നം. തീരുമാനം പ്രകാരം അംഗീകരിച്ച് 01.06.2024 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിംഗ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, താനൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2023-24 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31.03.2024ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2024ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

മലപ്പുറം
31-12-2024

1-1-2 ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

കാഷ് ഫ്ലോ സ്റ്റേറ്റുമെന്റിലെ ' Net Increase In Cash And Cash Equivalance ' ആയി രേഖപ്പെടുത്തിയ തുകയും (35,10,395/-) ഇതേ പത്രികയിൽ 'Net Cash Generated By Operating + Investing + Financing Activity ' (A+B+C) ആയി രേഖപ്പെടുത്തിയ തുകയും (13,08811/-)തുല്യമല്ല.

1-1-3 Fixed Asset Depreciation കണക്കാക്കിയതിന്റെ അനുബന്ധ വിവരങ്ങൾ ലഭ്യമാക്കിയില്ല.

ബാലൻസ് ഷീറ്റ് B-11 പ്രകാരമുള്ള Fixed Asset Depreciation കണക്കാക്കിയതിന്റെ അനുബന്ധ വിവരങ്ങൾ (Rate Of Depreciation, Book Value Of Asset, Life Time Of Asset Etc) പരിശോധനക്ക് ലഭ്യമാക്കിയില്ല. (2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, ചട്ടം 58 – 4 (ജി))

1-1-4 വിവിധ ഫണ്ട് ഇനങ്ങളിലെ വരവ് ചെലവ് തുകകൾ എ.സി.ആർ, വാർഷിക കണക്ക് എന്നിവയിൽ പൊരുത്തപ്പെടുന്നില്ല.

വിവിധ ഫണ്ട് ഇനങ്ങളിലെ വരവ് ചെലവ് തുകകൾ എ.സി.ആർ, വാർഷിക കണക്ക് എന്നിവയിൽ പൊരുത്തപ്പെടുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

വികസന ഫണ്ട് - ജനറൽ	25795139	34408000	25795139	28088439
മെയിന്റനൻസ് ഗ്രാന്റ് - നോൺ റോഡ്	3895290	17224600	3895290	6508524
സി എഫ് സി ടൈഡ്	8816654	4273000	0	10588784
സി എഫ് സി അൺടൈഡ്	7933030	5698000	O	4962864

1-1-5 ഓഡിറ്റിൽ കൃത്യത പരിശോധിക്കാവുന്ന രീതിയിൽ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല.

അഡ്വാൻസ് രജിസ്റ്റർ ലഭ്യമാക്കിയെങ്കിലും 2023-24 വർഷത്തെ അഡ്വാൻസ് സംബന്ധിച്ച രേഖപ്പെടുത്തലുകൾ ചേർക്കാത്തതിനാൽ RP 47, B 18 എന്നിവയിലെ തുകയുടെ കൃത്യത ഓഡിറ്റിന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

1-2 ബജറ്റ്

2023-24 ലെ ബജറ്റ് പാസ്സാക്കിയ തീരുമാനം നം./തിയ്യതി	പുതുക്കിയ തീരുമാനം നം./തിയ്യതി
21.03.2023 ലെ 1/1 നം. തീരുമാനം	09.02.2024 ലെ 1/1 നം. തീരുമാനം

1-3 സാമ്പത്തിക വിശകലനം

മുന്നിരിപ്പ്	13429145
വരവ്	6,80,96,179
ആകെ	8,15,25,324
ചെലവ്	7,16,06,574
നീക്കിയിരിപ്പ്	99,18,750

1-4 ഫണ്ട് വിനിയോഗം (ACR പ്രകാരം)

ഫണ്ട് ഇനം	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്
പ്ലാൻ (ജനറൽ)	0	34408000	34408000	28088439	6319561
പ്ലാൻ (SCP)	0	5715000	5715000	3810000	1905000
പ്ലാൻ (TSP)	0	0	0	0	0

റോഡിതരം (MG)	0	17224600	17224600	6508524	10716076
CFC (Tied)	0	4273000	4273000	10588784	-6315784
CFC (Un Tied)	0	5698000	5698000	4962864	735136

.

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

വർഷം	അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ്	ഭാഗികമായി നടപ്പാക്കിയത് (എണ്ണം)	നടപ്പാക്കാത്തവ (എണ്ണം)	പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം
2023-24	116	108138794	63	52518663	0	53	54.31%

1-6 തൊഴിലുറപ്പു പദ്ധതി

ഇല്ല.

1-7 ക്ഷേമ പദ്ധതികൾ

ഇല്ല.

1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 18.12.2024 ന് 02.30 പി.എം ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. ക്യാഷ് നീക്കിയിരിപ്പ് ഇല്ല..

1-9 ആഭ്യന്തര നിയന്ത്രണം.

2023-24 വർഷ ഓഡിറ്റിന്റെ ഭാഗമായി നടത്തിയ പരിശോധനയിൽ ബ്ലോക്ക്പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനത്തിൽ താഴെ പരാമർശിക്കുന്ന അപാകതകൾ കണ്ടെത്തി.
1. ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നില്ല.
2. വാടക രജിസ്റ്റർ, ലേലം രജിസ്റ്റർ എന്നിവയിൽ സാമ്പത്തിക വർഷാവസാനം സംക്ഷിപ്തം എഴുതി ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

1-10 മറ്റു ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ഓഡിറ്റ്	അവസാനം ഓഡിറ്റ് നടത്തിയ തീയതി	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് ലഭിച്ച തീയതി
പെർഫോമൻസ് ഓഡിറ്റ്	30.10.2024 മുതൽ 06.11.2024 വരെ	01.04.2024 മുതൽ 31.03.2024 വരെ	14.11.2024
അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ്	07.12.2015 മുതൽ 12.12.2015 വരെ	2009-10 മുതൽ 2013-14 വരെ	25.04.2015

1-11 ഡയാലിസിസ് സെന്ററിന് ഡയാലിസിസ് കിറ്റ് - മുഴുവൻ മരുന്നുകളും ലഭ്യമായില്ല

നിർവ്വഹണം : മെഡിക്കൽ ഓഫീസർ-സി.എച്ച്.സി

പദ്ധതി നം. : 67/24 വളവന്നൂർ സി.എച്ച്.സി യിലെ ഡയാലിസിസ് സെന്ററിന് ഡയാലിസിസ് കിറ്റ്

അടങ്കൽ: : 10,00,000/-(മെയിന്റനൻസ് ഫണ്ട്- നോൺ റോഡ്)

ചെലവ് വിവരം : 9,99,999/-

ബി.ആർ.എൻ : 23150563021901019714/4.1.2024 – 9,99,999 രൂപ

വളവന്നൂർ സി.എച്ച്.സി യിലെ ഡയാലിസിസ് സെന്ററിന് ഡയാലിസിസ് മരുന്നുകൾ ഉൾപ്പെടുന്ന ഡയാലിസിസ് കിറ്റ് വാങ്ങുന്നതിനായി മേൽ ബിൽ നം. പ്രകാരം 9,99,999 രൂപ KMSCLന് മുൻകൂറായി അനുവദിച്ചിട്ടുണ്ട് (PRF2688/18.12.2023 നമ്പർ പ്രഫോമ ഇൻവോയ്സ്). ഡയാലിസിസ് കിറ്റ് ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടി വിവരം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറിക്ക്(നം -11/23-24/19.12.2024) 5,45,487 രൂപയുടെ മരുന്നുകൾ ലഭ്യമായതിന്റെ വിവരം ഹാജരാക്കി. വിശദ വിവരം ചുവടെ കൊടുക്കുന്നു.

ക്രമ. നം	ലഭ്യമാക്കിയ മരുന്നുകളുടെ ഇൻവോയ്സ് നം / തീയതി	തുക
1	32544/25.02.24	102482
2	32780/27.02.24	18606
3	305/03.04.24	53619
4	33562/ 07.03.24	250792
5	1040/15/04.24	86912
6	2369/01.05.24	33076
ആകെ		545487

അവശേഷിക്കുന്ന 4,54,512 രൂപയുടെ മരുന്നുകൾ ലഭ്യമാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതും ആയത് ലഭ്യമായാൽ സ്റ്റോക്കിൽ ചേർത്ത് സ്റ്റോക്ക് രേഖപ്പെടുത്തിയ ടാക്സ് ഇൻവോയ്സ് സഹിതം ഓഡിറ്റിൽ ഹാജരാക്കേണ്ടതുമാണ്.

1-12 പാലിയേറ്റീവ് കെയർ പദ്ധതി- അപാകതകൾ

ബ്ലോക്കല പാലിയേറ്റീവ് കെയർ പദ്ധതി 47/24 പ്രോജക്ടിന്റെ ഭാഗമായി ലഭ്യമാക്കിയ രേഖകൾ, ഫയലുകൾ, രജിസ്റ്ററുകൾ എന്നിവ പരിശോധിച്ചു. അപാകതകൾ ചുവടെ കൊടുക്കുന്നു.

1. പ്രോജക്ടിന്റെ ഭാഗമായി ഗൃഹ സന്ദർശനം നടത്തുന്നതിനായി ദിവസം 1200 രൂപ നിരക്കിൽ വാഹനം വാടകക്ക് എടുത്തിട്ടുണ്ട്. ഓഡിറ്റ് വർഷം വാടക ഇനത്തിൽ ആകെ 223416/-രൂപ കരാറുകാരന് (ശ്രീ. മമ്മു പി) നൽകിയിട്ടുണ്ട്. ഒരു കരാർ പ്രകാരം അനുവദിക്കുന്ന തുക ഒറ്റത്തവണ 30,000/- രൂപയ്ക്ക് മുകളിൽ ആണെങ്കിലോ ഒരു വർഷത്തിൽ ആകെ അനുവദിക്കുന്ന തുക 1,00,000/- രൂപക്ക് മുകളിൽ ആണെങ്കിലോ Income Tax Act 1961, Sec.194C പ്രകാരം, അനുവദിക്കുന്ന തുകയിൽ നിന്നും 1% TDS പിടിക്കേണ്ടതും ആദായ നികുതി വകുപ്പിൽ അടവാക്കേണ്ടതുമായിരുന്നു. എന്നാൽ ആയത് താഴെ പറയുന്ന ബില്ലുകൾ പ്രകാരമുള്ള ചെലവുകളിൽ നിന്നും റിക്കവറി നടത്തി ആദായനികുതി വകുപ്പിന് അടവ് ചെയ്തിട്ടില്ല.

തീയ്യതി/വൗച്ചർ നം./ ബിൽ നം	**വാഹന വാടക നൽകിയത്**	**ഈടാക്കേണ്ട ആദായ നികുതി**
23150563021900101442/17.05.23	40800	1260
23150563021900156046/02.06.23	9600	
23150563021900376461/24.07.23	19200	
23150563021900407192/07.08.23	19200	
23150563021900537402/12.09.23	16800	
23150563021900630615/07.10.23	20400	
ആകെ	126000	

അപാകത ചൂണ്ടിക്കാണിച്ച് നൽകിയ ഓഡിറ്റ് എൻകെയറിക്ക് (12/23-24/19.12.24) ഇ-മെയിൽ മുഖേന ലഭ്യമാക്കിയ മറുപടിയിൽ അറിവില്ലായ്മ കൊണ്ട് സംഭവിച്ച അപാകതയായിരുന്നെന്നും മുൻവർഷത്തെ ഓഡിറ്റ് ഈ വീഴ്ച ചൂണ്ടിക്കാണിച്ചതിനുശേഷം 11/2023 മുതൽ ശമ്പളത്തിൽ നിന്നും ആദായനികുതി പിടിച്ചു വരുന്നുണ്ടെന്ന് അറിയിച്ചു. നിയമങ്ങൾ പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

2. മേൽ പദ്ധതിയുടെ ഭാഗമായി മരുന്ന് വാങ്ങുന്നതിന് 99,996 രൂപ KMSCL ന് മുൻകൂർ ആയി നൽകിയെങ്കിലും മരുന്ന് ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

അടങ്കൽ/ ചെലവ്	തുക/ബിൽ നമ്പർ/ പ്രഫോർമ ഇൻവോയ്സ് നമ്പർ	ലഭ്യമാക്കിയ മരുന്നുകളുടെ തുക	ലഭ്യമാക്കാൻ അവശേഷിക്കുന്ന മരുന്നുകളുടെ തുക
അടങ്കൽ-900000/- (പ്ലാൻ ജനറൽ-855626/- തനത്ഫണ്ട് 44374/-)	99996 രൂപ 23150563021900722939/01.11.2023/ PRF1729/16.10.2023/RS. 99996	59193	40803

ചെലവ്- 720140/- (പ്ലാൻ ജനറൽ-687030/- തനത്ഫണ്ട് 33110/-) നിർവ്വഹണം : മെഡിക്കൽ ഓഫീസർ സിഎച്ച് സി				

ഓഡിറ്റ് എൻകയറിക്ക് (12/23-24/19.12.24) ഇ-മെയിൽ മുഖേന ലഭ്യമാക്കിയ മറുപടിയിൽ 59,193 രൂപയുടെ മരുന്നുകൾ ലഭ്യമാക്കിയതിന്റെ വിവരം രേഖകൾ സഹിതം ഹാജരാക്കി. 40803 രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടില്ലാത്തതിനാൽ ആയത് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. മരുന്നുകൾ സ്റ്റോക്കിലെടുത്ത് സ്റ്റോക്ക് എൻട്രി രേഖപ്പെടുത്തലുകൾ സഹിതം ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്. ലഭ്യമായ മരുന്നുകളുടെ വിവരം ചുവടെ ചേർക്കുന്നു.

ക്രമ. നം	ബില്ലുകളുടെ വിവരം	തുക
1	224/02.04.24	13244
2	29684/08.03.24	1055
3	23152/08.12.24	44894
ആകെ		59193

1-13 സർക്കാർ ഉത്തരവിന് വിരുദ്ധമായി സി.എച്ച്.സി യിൽ അധികം ജീവനക്കാരെ നിയമിച്ചു.

പ്രോജക്ട് നം. : 49/24
പ്രോജക്ടിന്റെ പേര് : സായാഹ്ന ഒ.പി ജീവനക്കാർക്ക് ശമ്പളം
അടങ്കൽ : 1782505
ചെലവ് : 1504147
ഫണ്ടിനം : പ്ലാൻ ജനറൽ
നിർവ്വഹണ ഉദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ (സി.എച്ച്.സി)
ബി.ആർ.എൻ
(1)231505630219001014 32/17.05.23 – 137260 രൂപ
(2)231505630219001014 36/17.5.23 – 131085 രൂപ
(3)231505630219001560 55/2.6.23-131085 രൂപ
(4)231505630219002930 55/10.7.23- 131085 രൂപ
(5)231505630219004071 97/7.8.23-131085രൂപ
(6)231505630219005374 05/12.9.23- 131085 രൂപ
(7)231505630219006306 14/7.10.23-131085 രൂപ
(8)231505630219006306 12/7.10.23-4840 രൂപ
(9)231505630219007669 44/9.11.23 – 124757 രൂപ
(10)231505630219009440 54/16.12.23 -106565 രൂപ
(11)231505630219010197 17/4.1.24- 106565 രൂപ
(12)231505630219010837 19/18.1.24- 24520 രൂപ
(13)231505630219011674 81/ 5.2.24- 106565 രൂപ
(14)231505630219013300 19/4.3.24-106565രൂപ
മേൽപ്പറഞ്ഞ പദ്ധതിയുടെ ഭാഗമായി വളവന്നൂർ സാമൂഹികാരോഗ്യ കേന്ദ്രത്തിൽ പ്രവർത്തിച്ച് വരുന്ന ഈവനിംഗ് ഒ.പി. യിൽ 2023-24 സാമ്പത്തിക വർഷം സേവനം ചെയ്യുന്ന ജീവനക്കാരുടെ പേരും തസ്തികയും ചുവടെ കൊടുക്കുന്നു.
1.ഡോ. നസ്റിൻ ചോലക്കാട്ടിൽ - ഡോക്ടർ
2.ആയിഷ കുന്നക്കാട്ട് – ഫാർമസിസ്റ്റ്
3. മൈസൂൺ ഹുസൈൻ. എം- ഫാർമസിസ്റ്റ്
4. മുഹമ്മദ് ഷഫീഖ്. എൻ- ലാബ് ടെക്നീഷ്യൻ
തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങളുടെ ആരോഗ്യമേഖല പ്രോജക്ടുകളിൽ ഡോക്ടർമാരേയും പാരാമെഡിക്കൽ സ്റ്റാഫിനേയും നിയമിക്കുന്നതിൽ സ.ഉ (കൈ) 115/2022/ തസ്വഭവ തീ. 25.05.2022 ലെ മാർഗ്ഗരേഖ ഖണ്ഡിക 7.6.2 ലെ എണ്ണം സംബന്ധിച്ച് സർക്കുലർ നം ഡിഎ1/363/2023/തസ്വഭവ , തീ 25.10.2023 പ്രകാരം സർക്കാർ വ്യക്തത വരുത്തിയിട്ടുണ്ട്. ആയത്

പ്രകാരം സാമൂഹികാരോഗ്യ കേന്ദ്രത്തിൽ നിയമിക്കാവുന്ന പരമാവധി പാരാമെഡിക്കൽ സ്റ്റാഫുകളുടെ എണ്ണം രണ്ട് ആണ്. എന്നാൽ വളവന്നൂർ സി.എച്ച് സി യിൽ 3 പാരാമെഡിക്കൽ സ്റ്റാഫുകളെ നിയമിച്ചിട്ടുണ്ട്. മേൽ സർക്കുലർ പാലിക്കുന്നതിനുവേണ്ടി ഫാർമസിസ്റ്റ് ആയിഷ കുന്നേക്കാട്ടിനെ 31/10/2023 വൈകുന്നേരം മുതൽ മെഡിക്കൽ ഓഫീസർ ജോലിയിൽ നിന്ന് ടെർമിനേറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ തീരദേശം ഉൾപ്പെടുന്ന പ്രദേശം ആയതിനാലും ഏകദേശം 800 ന് അടുത്ത് രോഗികൾ ദിവസേനയും പനി സീസണിൽ ആയിരത്തോളം രോഗികളും ആശ്രയിക്കുന്ന ആശുപത്രി എന്ന നിലയ്ക്ക് പാരാമെഡിക്കൽ സ്റ്റാഫിന്റെ എണ്ണം കുറയ്ക്കുന്നത് രോഗികൾക്ക് ബുദ്ധിമുട്ട് അനുഭവപ്പെടും എന്നതിനാലും CHC യിൽ ഈവനിംഗ് ഓ.പി. പ്രൊജക്റ്റിൽ ഫാർമസിസ്റ്റായി ജോലി ചെയ്യുന്ന ശ്രീമതി.മൈസൂൺ ഹുസൈൻ ശാരീരിക ബുദ്ധിമുട്ട് കാരണം 2023 ഡിസംബർ 31 വരെ മാത്രമേ ജോലിക്ക് വരുവാൻ സാധിക്കുകയുള്ളൂ എന്ന് അറിയിച്ച് കത്ത് തന്നതിന്റെ അടിസ്ഥാനത്തിലും വളവന്നൂർ CHC യിലെ ഫാർമസിസ്റ്റ് ആയിഷ കുന്നേക്കാട്ടിനെ ടെർമിനേറ്റ് ചെയ്ത നടപടി അംഗീകരിക്കേണ്ടതില്ല എന്നും ശ്രീമതി. ആയിഷ കുന്നേക്കാട്ടിനെ 25/11/2023 മുതൽ തുടർന്ന് പ്രവർത്തിക്കുന്നതിന് അനുമതി നൽകുന്നതിന് മെഡിക്കൽ ഓഫീസർക്ക് നിർദ്ദേശം നൽകുന്നതിനും ഭരണസമിതി തീരുമാനിച്ചിട്ടുണ്ട്. (24.11.2023 ലെ യോഗത്തിലെ 6(1) നമ്പർ തീരുമാനം) .

എന്നാൽ ഫയൽ പരിശോധിച്ചതിൽ 2023 മാർച്ച് മാസം മുതൽ 2023 ഒക്ടോബർ മാസം വരെയും(ബിൽ നം 1 മുതൽ 9 വരെ), 2023 ഡിസംബർ മാസത്തിലും (ബിൽ നം 11 , 12) 3 പാരാമെഡിക്കൽ സ്റ്റാഫുകൾ സേവനം ചെയ്തതിന് വേതനം നൽകിയിട്ടുണ്ട്. ടി കാലയളവുകളിൽ സർക്കാർ അനുവദിച്ച പരമാവധി എണ്ണത്തേക്കാൾ കൂടുതൽ പാരാമെഡിക്കൽ സ്റ്റാഫുകൾ പദ്ധതിയിൽ സർക്കാർ അനുമതിയില്ലാതെ സേവനം ചെയ്തത് മേൽ സർക്കുലറിന് വിരുദ്ധമാണ്. മേൽ അപാകതക്ക് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നം.13/23-24/19.12.2024 ന് മറുപടി ലഭിച്ചില്ല. അപാകതക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

1-14 വളവന്നൂർ സി.എച്ച്.സി യിലേക്ക് മരുന്ന് വാങ്ങൽ-മരുന്നുകൾ ലഭ്യമായില്ല

നിർവ്വഹണം : മെഡിക്കൽ ഓഫീസർ-സി.എച്ച്.സി

പദ്ധതി നം. : 66/24 വളവന്നൂർ സി.എച്ച്.സി യിലേക്ക് മരുന്ന് വാങ്ങൽ

അടങ്കൽ: : 2000000/-(മെയിന്റനൻസ് ഫണ്ട്- നോൺ റോഡ്)

ചെലവ് വിവരം : 1999958/-

ബി.ആർ.എൻ :

(1) 231505630219010237 26/4.1.2024 - 1400000 രൂപ

(2)231505630219012585 40/22.02.2024 – 196950 രൂപ

(3) 231505630219012755 01/ 26.02.24 – 134033 രൂപ

(4) 231505630219014739 96/ 24.03.24 – 69542 രൂപ

(5) 231505630219013829 10 / 15.03.24 – 199433 രൂപ

മേൽ പ്രോജക്ട് പ്രകാരമുള്ള ചെലവിൽ ക്രമ നം (1) ബിൽ നം. പ്രകാരം 14,00,000 രൂപ മരുന്ന് വാങ്ങുന്നതിനായി KMSCLന് മുൻകൂറായി അനുവദിച്ചിട്ടുണ്ട് (PRF2882/01.01.2024 നമ്പർ പ്രഫോമ ഇൻവോയ്സ്). മരുന്നുകൾ ലഭ്യമായതിന്റെ വിവരം ഹാജരാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (14/23-24/19.12.24) ഇമെയിൽ മുഖേന നൽകിയ മറുപടിയിൽ 78,219 രൂപയുടെ മരുന്നുകൾ ലഭ്യമാക്കിയതിന്റെ വിവരം രേഖകൾ സഹിതം ഹാജരാക്കി. വിശദ വിവരം ചുവടെ ചേർക്കുന്നു.

ക്രമ. നം	ലഭ്യമാക്കിയ മരുന്നുകളുടെ ഇൻവോയ്സ് നം / തീയതി	തുക
1	27285/26.02.24	1411
2	27488/22.02.24	5080
3	28571/29.02.24	12839
4	29697/ 08.03.24	29478
5	1257/08.04.24	29411
ആകെ		78219

ലഭ്യമാക്കാൻ അവശേഷിക്കുന്ന 13,21,781/- രൂപയുടെ മരുന്നുകൾ ലഭ്യമാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതും, മരുന്നുകൾ ലഭ്യമാകുന്ന മുറയ്ക്ക് സ്റ്റോക്കിൽ ചേർത്ത്, സ്റ്റോക്ക് എൻട്രിയോടെ ഇൻവോയ്സ് ഓഡിറ്റിൽ ഹാജരാക്കേണ്ടതുമാണ്.

1-15 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി നിർമാണം - പൂർത്തിയാക്കിയില്ല.

പ്രോജക്ട് നം,പേര്	:	110/24 – പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി (സ്പിൽ ഓവർ)
അടങ്കൽ	:	₹375,000/- (വികസനഫണ്ട് - എസ്.സി.പി)
ആകെ ചെലവ്	:	₹75,000/- (BRN : 23150563022100793178, തീ. 14.11.2023)

പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനസൗകര്യം ഉറപ്പാക്കാൻ വീടിനോട് അനുബന്ധിച്ച് സൗകര്യം ഉണ്ടെങ്കിൽ പഠന മുറി നിർമ്മിച്ചു നൽകുന്നതാണ് മേൽ പ്രോജക്ട്. 800 അടിയിൽ അധികരിക്കാത്ത നിലവിലുള്ള വീടിനോട് ചേർന്ന് പരമാവധി 120 അടി വിസ്തീർണ്ണം ഉള്ള പഠനമുറി നിർമിക്കാവുന്നതാണ്. ധനസഹായ തുക രണ്ട് ലക്ഷം രൂപ. 50,000 രൂപ മുൻകൂറായി നൽകാം. ബന്ധപ്പെട്ട അസിസ്റ്റൻറ് എഞ്ചിനീയറുടെ മൂല്യനിർണയത്തിന്റെ അടിസ്ഥാനത്തിൽ 75000 രൂപ വീതമുള്ള രണ്ട് ഗഡുക്കളായാണ് തുടർന്നുള്ള ധനസഹായം നൽകേണ്ടത്. പഠനമുറിയുടെ വൈദ്യുതീകരണത്തിനായി വയറിങ് പ്രവർത്തികൾ ചെയ്തിട്ടുണ്ടെങ്കിൽ പ്രത്യേക വാലുവേഷൻ കൂടാതെ പരമാവധി 9100 രൂപ കൂടി ഉൾപ്പെടുത്തി വാലുവേഷൻ ചേർക്കാവുന്നതാണ് എന്നാൽ പരമാവധി തുക 2 ലക്ഷം രൂപയിൽ നിജപ്പെടുത്തണം.

പട്ടികജാതി വികസന ഓഫീസർ നിർവ്വഹണം നടത്തിയ മേൽ പ്രോജക്ട് പ്രകാരം 2019-20, 2020-21, 2021-22 വർഷങ്ങളിലെ 6 ഗുണഭോക്താക്കൾക്ക് ബാക്കി ധനസഹായം അനുവദിക്കുന്നതിന് വേണ്ടി 2023-24 വർഷത്തിൽ സ്പിൽ ഓവർ പദ്ധതിയായി 375,000 രൂപ അടങ്കൽ വെച്ചിട്ടുള്ളതായി കാണുന്നു. മേൽ പദ്ധതിയിൽ 6 ഗുണഭോക്താക്കളിൽ 3 ഗുണഭോക്താക്കൾ പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം സമർപ്പിച്ചിട്ടുണ്ട്. 3 ഗുണഭോക്താക്കൾ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. വിവരം ചുവടെ കൊടുക്കുന്നു.

ക്രമ. നം	ഗുണഭോക്താവിന്റെ പേര്	ആദ്യ അഡ്വാൻസ് കൈപറ്റിയ തീയതി	പ്രവൃത്തി പൂർത്തീകരണ വിവരം
1	നിരഞ്ജന. പി, പട്ടേരത്ത് വീട്, പെരുമണ്ണക്ലാരി	20.04.2020	ലഭ്യമാക്കി , 30.8.24
2	ഷിബൻഷിന, ഇല്ലത്തപ്പറമ്പിൽ വീട്, നിറമരുതൂർ	17-02-2021	ലഭ്യമാക്കി , 26.7.24
3	സജിത്ത്, മുത്താട്ട്, നിറമരുതൂർ	31.03.2022	ലഭ്യമാക്കി , 23.8.24
4	അനഘ. എൻ.വി, നമ്പിടി വീട്ടിൽ, ചെറിയമുണ്ടം	20.04.2020	ലിന്റിൽ ലെവൽ വരെയുള്ള പ്രവൃത്തി പൂർത്തീകരണ വിവരം ലഭ്യമാക്കി, 7.10.21
5	ജിസില. കെ, കുളിക്കാട്ടിൽ,താനാളൂർ	17-02-2021	ലിന്റിൽ ലെവൽ വരെയുള്ള പ്രവൃത്തി പൂർത്തീകരണ വിവരം ലഭ്യമാക്കി, 1.9.2021
6	സച്ചിൻ. എം.സി,മേലേചങ്കരത്ത്, പൊന്മുണ്ടം	25.10.2019	ലഭ്യമാക്കിയിട്ടില്ല.

ഏകവർഷ പദ്ധതിയായി വിഭാവനം ചെയ്ത പദ്ധതി 4 വർഷം പിന്നട്ടിട്ടും പൂർത്തീകരിച്ചിട്ടില്ല. പദ്ധതി ലക്ഷ്യം സമയബന്ധിതമായി പൂർത്തീകരിക്കാൻ കഴിയാത്തതിന്റെ വിശദീകരണം ഓഡിറ്റിന് അറിയിക്കേണ്ടതാണ്.

2. ലഭ്യമാക്കിയ രജിസ്റ്ററിലെ രേഖപ്പെടുത്തൽ പ്രകാരം മേൽ പട്ടികയിലെ ക്രമ നം 6. സച്ചിൻ. എം.സി, മേലേചങ്കരത്ത്, പൊന്മുണ്ടം എന്നവർക്ക് രണ്ട് ഗഡു തുക നൽകിയിട്ടുണ്ട് (50000+75000). ടിയാന്റെ ഫയൽ പരിശോധിച്ചതിൽ പഠനമുറിയുടെ നിർമ്മാണ പ്രവൃത്തി പുരോഗതി വിവരം ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ടിയാന്റെ പഠന മുറി നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി തെളിവ് രേഖകൾ സഹിതം ഓഡിറ്റിനെ

അറിയിക്കേണ്ടതാണ്.
മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകുയറി നം.15/19.12.2024 ന് മറുപടി ലഭിച്ചില്ല. മേൽപ്പറഞ്ഞ ഗുണഭോക്താക്കളുടെ പഠനമുറി നിർമ്മാണ പ്രവൃത്തി പൂർത്തീകരിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുകയോ, അല്ലാത്തപക്ഷം അവർക്ക് നൽകിയ ധനസഹായം തിരികെ ഈടാക്കാൻ നടപടി സ്വീകരിക്കുകയോ ചെയ്യേണ്ടതാണ്.

1-16 ക്ഷീര വികസന ഓഫീസിലേക്ക് യു.പി.എസ് വാങ്ങൽ- നടപടിക്രമങ്ങൾ പാലിച്ചില്ല.

പ്രോജക്ട് നം,പേര്	:	57/24 – ക്ഷീര വികസന ഓഫീസിലേക്ക് യു.പി.എസ് വാങ്ങൽ
അടങ്കൽ	:	₹50,000/- (മെയിന്റനൻസ് ഫണ്ട് - നോൺ റോഡ്)
ആകെ ചെലവ്	:	₹49,200/- (BRN : 23150563021801196558, തീ. 09.02.2024)
തുക കൈപ്പറ്റിയ സ്ഥാപനം	:	എക്കോ പവർ സിസ്റ്റംസ്, ബി.പി അങ്ങാടി, തിരൂർ. ഇൻവോയ്സ് നം. B2C/23-24/093 ; തീയതി: 09.02.2024, ₹49,200/-
നിർവ്വഹണം	:	ഡയറി എക്സ്റ്റൻഷൻ ഓഫീസർ

മേൽ പദ്ധതിയിൽ ക്ഷീര വികസന ഓഫീസിലേക്ക് യു.പി.എസ്, ബാറ്ററി എന്നിവ കമ്പ്യൂട്ടേഷൻ മുഖേന എക്കോ പവർ സിസ്റ്റംസ്, ബി.പി അങ്ങാടി, തിരൂർ എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയിട്ടുണ്ട്. സർക്കുലർ നം. ഐ.ടി സെൽ- 1/26/2019/ വി. സ. വ, തീയതി 18.03.2019 , ജി.ഒ (പി) നം 10/2019/എസ്.പി.ഡി, തീയതി 22.08.2019, സർക്കുലർ നം. ഐ.ടി സെൽ- 1/106/2019/ വി. സ. വ, തീയതി 21.10.2019 എന്നിവ പ്രകാരം കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും സർക്കാറിന്റെ ഓൺലൈൻ പോർട്ടലായ സി.പി.ആർ.സി.എസ് മുഖേന വാങ്ങേണ്ടതാണ്. സ.ഉ.(പി)നം. 07/19/എസ്.പി.ഡി തീയതി.26.04.2019 പ്രകാരം 25000 രൂപയ്ക്ക് മുകളിലുള്ള വാങ്ങലുകൾ നിബന്ധമായും GeM മുഖേന വാങ്ങേണ്ടതാണ്.

സി.പി.ആർ.സി.എസ്/ജെം എന്നീ മാർഗങ്ങൾ ഉപയോഗിക്കാതെ വാങ്ങൽ നടത്തിയതിന് വിശദീകരണം നൽകുവാൻ ആവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പ് (നം 16/23-24/20.12.2024) മറുപടി ലഭ്യമാക്കിയില്ല. മേൽ കാരണത്താൽ 49,200/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. അപാകതക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

1- 17 വനിതാ സ്വയം സഹായ യൂണിറ്റുകൾക്ക് തൊഴിൽ സംരംഭം - പ്രവർത്തനരഹിതമായ ഗാർമെന്റ് യൂണിറ്റ് പ്രവർത്തനക്ഷമമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

സർക്കാർ ഉത്തരവ് (കൈ) 115/2022 LSGD തീയ്യതി. 28.05.2022 പ്രകാരം സമൂഹത്തിലെ പിന്നോക്കാവസ്ഥയിൽ കഴിയുന്ന വനിതകളുടെ ഗ്രൂപ്പുകൾക്ക് സ്വയംതൊഴിൽ സംരംഭം ആരംഭിക്കുന്നതിനുള്ള ധനസഹായം നൽകുന്നതിന്റെ ഭാഗമായി ഒഴൂർ ഗ്രാമപഞ്ചായത്തിലെ പീസ് ഗ്രൂപ്പ് എന്ന സ്ഥാപനത്തിന് താഴെ പറയും പ്രകാരം ധനസഹായം നൽകിയിട്ടുണ്ട്.

പ്രൊജക്ട് വിശദാംശങ്ങൾ

പ്രൊജക്ടിന്റെ പേര് :- 106/24 – വനിതാ സ്വയംസഹായ യൂണിറ്റുകൾക്ക് തൊഴിൽ സംരംഭം

അടങ്കൽ തുക :- 365160/- (പൊതു വിഭാഗം - സാധാരണ വിഹിതം)

ചെലവ് 281842/- BRN- 23150563023001195782/ Dated 09.02.2024

നിർവഹണോദ്യോഗസ്ഥൻ :- വ്യവസായ വികസന ഓഫീസർ, താനൂർ ബ്ലോക്ക് പഞ്ചായത്ത്

സബ്സിഡിയനുവദിക്കപ്പെട്ട ഗ്രൂപ്പിന്റെ പേര് :- പീസ് ഗ്രൂപ്പ്- ഒഴൂർ ഗ്രാമ പഞ്ചായത്ത്

സ്ഥാപനത്തിന്റെ പേര് :- പീസ് ഗാർമെന്റ്സ് 12/449 ഒഴൂർ, മലപ്പുറം ജില്ല

അക്കൗണ്ട് നമ്പർ 00000041793073424 SBI വൈലത്തൂർ ബ്രാഞ്ച്

ശ്രീമതി ലൈല W/O അബൂബക്കർ, തലക്കെട്ടൂർ , ഒഴൂർ P.O , ശ്രീമതി ഷാജി W/O മുഹമ്മദ് കുട്ടി, കൊടിയേങ്ങൽ വീട്, ഓമച്ചപ്പുഴ ഒഴൂർ പി.ഒ എന്നീ ഗുണഭോക്താക്കൾ ചേർന്ന് പീസ് ഗ്രൂപ്പ് എന്ന പേരിൽ ഗ്രൂപ്പ് ആരംഭിക്കുകയും പീസ് ഗാർമെന്റസ് എന്ന പേരിൽ ഒരു സംരംഭം തുടങ്ങാൻ തീരുമാനിക്കുകയും ചെയ്തു. വായ്പാബന്ധിത സബ്സിഡി പ്രകാരം തയ്യാറാക്കി അംഗീകാരം ലഭിച്ച പ്രൊജക്ടിന്റെ പ്രൊജക്ട് കോസ്റ്റ് 375789 രൂപയായി നിശ്ചയിച്ച് SBI

പുൽപ്പറമ്പ് ശാഖ 357000രൂപ SBI വായ്പയനുവദിക്കുകയും ചെയ്തിട്ടുണ്ട്. (Term Loan Account No. 42514353235) 75% തുകയായ 281842/- രൂപ സബ്സിഡിയായി ഗ്രൂപ്പിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് ബ്ലോക്ക് പഞ്ചായത്തിൽ നിന്നും അനുവദിച്ചിട്ടുണ്ട്.

പദ്ധതി നിർവഹണം സംബന്ധിച്ച രേഖകളുടെ പരിശോധനയുടെ ഭാഗമായി ഓഡിറ്റ് ടീം വ്യവസായ വികസന ഓഫീസ് ജീവനക്കാരുടെ സാന്നിധ്യത്തിൽ പ്രൊജക്ട് യൂണിറ്റ് 19-12-2024ന് സന്ദർശിച്ചപ്പോൾ സ്ഥാപനം ദീർഘകാലമായി പ്രവർത്തനരഹിതമായ അവസ്ഥയിലാണെന്ന് കണ്ടെത്തി . തയ്യൽ മെഷീനുകളും അനുബന്ധ ഉപകരണങ്ങളും പൊടിപിടിച്ച് കിടക്കുന്ന അവസ്ഥയിലാണ് കണ്ടത്.

മേൽ പറഞ്ഞ ഗ്രൂപ്പ് നിർവഹണോദ്യോഗസ്ഥനായ വ്യവസായ വികസന ഓഫീസറുമായി 06.02.2024 തീയ്യതിയിൽ ചമച്ച കരാറിൽ പ്രസ്തുത സംരംഭം കുറഞ്ഞത് മൂന്ന് വർഷമെങ്കിലും തുടർച്ചയായി പ്രവർത്തിപ്പിക്കുന്നതാണെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. സ്ഥാപനത്തിന്റെ ബാങ്ക് പാസ്സ് ബുക്ക്, ക്യാഷ്ബുക്ക്, മിനുട്ട് ബുക്ക് എന്നീ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. സ്ഥാപനം പ്രവർത്തനരഹിതമായതിനാൽ മേൽ പറഞ്ഞ രേഖകൾ പരിശോധിക്കാനും സാധിച്ചില്ല.

ആയതിനാൽ മേൽ പറഞ്ഞ പ്രകാരം ഗ്രൂപ്പിനനുവദിച്ച സബ്സിഡി നിഷ്ഫലമായ ചെലവായി അവശേഷിക്കുന്നു. പ്രസ്തുത സ്ഥാപനം പുനരാരംഭിക്കാനോ സബ്സിഡി തുക പലിശ സഹിതം തിരിച്ചു പിടിക്കുന്നതിനോ നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ രേഖാമൂലം ഓഡിറ്റിനു ലഭ്യമാക്കാനാവശ്യപ്പെട്ട് കൊണ്ട് നൽകിയ 10/19.12.2024 -ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ലഭ്യമായ മറുപടിയിൽ (ഇ-മെയിൽ മുഖേന) സംരംഭം വിപുലീകരണാർത്ഥം 2 ആഴ്ച അടച്ചിട്ടതാണെന്നും 15 ദിവസത്തിനുള്ളിൽ പുനരാരംഭിക്കാത്തപക്ഷം തുക തിരികെ ഈടാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.
ആയതിനാൽ സ്ഥാപനം പുനരുജ്ജീവിപ്പിക്കാൻ അടിയന്തിര നടപടി സ്വീകരിക്കുകയോ അല്ലാത്ത പക്ഷം സബ്സിഡിയിനത്തിൽ മേൽ പറഞ്ഞ പ്രകാരം കൈപ്പറ്റിയ തുക 12% പലിശ സഹിതം തിരികെ ഈടാക്കുകയോ ചെയ്യേണ്ടതാണ്. പദ്ധതി ലക്ഷ്യം കൈവരിക്കാത്തതിനാൽ 2,81,842/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-18 ഔദ്യോഗിക വാഹനങ്ങളുടെ ഡ്രൈവർമാർക്ക് യാത്രാബത്ത നൽകിയതിലെ അപാകതകൾ

2023-24 സാമ്പത്തിക വർഷത്തിൽ ദിവസവേതനാടിസ്ഥാനത്തിൽ താനൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ടിന്റെ ഔദ്യോഗിക വാഹനത്തിന്റെ ഡ്രൈവറായി ജോലിചെയ്യുന്ന ശ്രീ പി.അയ്യൂബ്, ബ്ലോക്ക് പഞ്ചായത്തിന്റെ ഔദ്യോഗിക വാഹനത്തിന്റെ സ്ഥിരം ഡ്രൈവർ തസ്തികയിൽ ജോലി ചെയ്യുന്ന ശ്രീ ഗിരീഷ് കുമാർ എന്നിവർക്ക് താഴെ പറയും പ്രകാരം യാത്രാ ബത്ത അനുവദിച്ചിട്ടുണ്ട്.

ക്രമനമ്പർ	ഡ്രൈവറുടെ പേരും, യാത്രാബത്താ കാലയളവും	അനുവദിച്ച തുക	വൗച്ചർ നമ്പർ തീയ്യതി	ചെക്ക് നമ്പർ , തീയ്യതി
1	ശ്രീ. പി. അയ്യൂബ് 01/ 23 മുതൽ 03/23 വരെ	4140/-	06/04/2023 സബ്-വൗച്ചർ നം 25 /12.04.23	XY 6804107/18.04.23
	ശ്രീ ഗിരീഷ് കുമാർ 01/ 23 മുതൽ 03/23 വരെ	4140/-	06/04/2023 സബ്-വൗച്ചർ നം 26 /12.04.23	
2	ശ്രീ. പി. അയ്യൂബ് 04/ 23 മുതൽ 06/23 വരെ	4140/-	05/03/07/2023 സബ്-വൗച്ചർ നം 05 /03.07.23	XY 6804122/14.07.23
	ശ്രീ ഗിരീഷ് കുമാർ 04/ 23 മുതൽ 06/23 വരെ	4140/-	05/03/07/2023 സബ്-വൗച്ചർ നം 06 /03.07.23	
3	ശ്രീ. പി. അയ്യൂബ് 07/ 23 മുതൽ 09/23 വരെ	4140/-	06/10/2023 സബ്-വൗച്ചർ നം 21 /11.10.23	XY 6804140/20.10.23

	ശ്രീ ഗിരീഷ് കുമാർ 07/ 23 മുതൽ 09/23 വരെ	4140/-	06/10/2023 സബ്-വൗച്ചർ നം 22 /11.10.23	
4	ശ്രീ. പി. അയ്യൂബ് 10/ 23 മുതൽ 12/23 വരെ	4140/-	07/01/2024 സബ്-വൗച്ചർ നം 04 /01.01.24	XY 6804162/15.01.24
	ശ്രീ ഗിരീഷ് കുമാർ 10/ 23 മുതൽ 12/23 വരെ	4140/-	07/01/2024 സബ്-വൗച്ചർ നം 05 /01.01.24	

മേൽ പറഞ്ഞ പ്രകാരം ദിനബത്ത നൽകിയതിന് ആധാരമായ യാത്രകളെല്ലാം ഔദ്യോഗിക ജോലിയുടെ ഭാഗമായി നടത്തിയ യാത്രകളാണ്. സർക്കാർ വകുപ്പ് തല/ദിനവേതന ഡ്രൈവർമാർ ദൈനംദിന ജോലിയുടെ ഭാഗമായി വാഹനം ഓടിക്കുന്നത്. ദൈനംദിന ജോലിയുടെ ഭാഗമായി സർക്കാർ വാഹനം ദീർഘദൂരം ഓടിക്കേണ്ടി വരുമ്പോൾ ഹാൾട്ട് വരുന്ന സംഗതികളിൽ യാത്രബത്ത (ഇൻസിഡെന്റൽ എക്സ്പെൻസ്), ദിനബത്ത എന്നിവ കെ.എസ്.ആർ ഭാഗം II ലെ ചട്ടങ്ങൾ അനുസരിച്ച് അനുവദിക്കാവുന്നതാണ്.

ഇത് സംബന്ധിച്ച് നൽകിയ 05/17.12.2024-ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ലഭിച്ച മറുപടിയിൽ, ഒരു ജീവനക്കാരൻ 8 കിലോമീറ്ററിൽ കൂടുതൽ ഔദ്യോഗികാനുമതിയോടെ യാത്രചെയ്യുമ്പോൾ ആണ് യാത്രാബത്തക്ക് അർഹതയുള്ളതെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

എന്നാൽ ഓഡിറ്റ് വർഷത്തിൽ മേൽ പറഞ്ഞ ജീവനക്കാർ സമർപ്പിച്ച യാത്രാ ഡയറി, പരിശോധിച്ചതിൽ 50% യാത്രകളും 8 കിലോമീറ്ററിൽ താഴെയുള്ള ദൂര പരിധിക്കുള്ളിലായിരുന്നുവെന്ന് ബോധ്യമായിട്ടുണ്ട്. ആയതിനാൽ ഇത്തരത്തിൽ യാത്രാബത്തയനുവദിക്കുമ്പോൾ, KSR–ഭാഗം-IIലെ പ്രസക്ത ചട്ടങ്ങൾ അനുസരിച്ചാണ് എന്നുറപ്പു വരുത്തുകയും ചട്ടവിരുദ്ധമായി നൽകിയ തുക തിരികെ ഈടാക്കി തനത്ഫണ്ടിലൊടുക്കുകയും ചെയ്യേണ്ടതാണ്.

1-19 AEE ഓഫീസ് ഡ്രൈവർക്ക് യാത്രാബത്ത നൽകിയതിലെ അപാകതകൾ

താനൂർ ബ്ലോക്ക് പഞ്ചായത്തിൽ AEE ഓഫീസിൽ ദിവസ വേതനാടിസ്ഥാനത്തിൽ ഡ്രൈവർ തസ്തികയിൽ നിയമിച്ചിട്ടുള്ള ശ്രീ.മുഹമ്മദ് നഹാസ്.വി ക്ക് താഴെ പറയും പ്രകാരം യാത്രാബത്ത അനുവദിച്ചിട്ടുണ്ട്.

1.ചെക്ക് നമ്പർ SB/XY 1950769/ 08.06.2023 – Rs 15400 (5/2022 മുതൽ 3/2023 വരെ)

2.ചെക്ക് നമ്പർ SB/XY 1950789/ 17.01.2024 – Rs 12600 (4/2023 മുതൽ 12/2023 വരെ)

മേൽ ദിനബത്ത നൽകുന്നതിന് ആധാരമായ യാത്രകളെല്ലാം ഔദ്യോഗിക ജോലിയുടെ ഭാഗമായി നടത്തിയ യാത്രകളാണ്. സർക്കാർ വകുപ്പ് തല ഡ്രൈവർമാർ ദൈനംദിന ജോലിയുടെ ഭാഗമായാണ് വാഹനം ഓടിക്കുന്നത്. ഇത്തരത്തിൽ ദൈനംദിന ജോലിയുടെ ഭാഗമായി സർക്കാർ വാഹനം ദീർഘദൂരം ഓടിക്കേണ്ടി വരുമ്പോൾ ഹാൾട്ട് വരുന്നതാണ്. ഇത്തരം അവസരങ്ങളിൽ യാത്രബത്ത (ഇൻസിഡെന്റൽ എക്സ്പെൻസ്), ദിനബത്ത എന്നിവ കെ.എസ്.ആർ ഭാഗം II ലെ ചട്ടങ്ങൾ അനുസരിച്ച് അനുവദിക്കാവുന്നതാണ്.

മേൽ യാത്രകളുടെ വിശദാംശങ്ങൾ പരിശോധിച്ചതിൽ അവയൊന്നും ഹാൾട്ട് ഉള്ള യാത്രകളല്ലെന്നും ദൈനംദിന ജോലിയുടെ ഭാഗമായി നടത്തിയ യാത്രകളാണെന്നും വ്യക്തമായി. ഇക്കാര്യത്തിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറി 4/17.12.2024 ക്ക് ലഭ്യമാക്കിയ മറുപടിയിൽ ഒരു ജീവനക്കാരൻ 8 കിലോമീറ്ററിൽ കൂടുതൽ ഔദ്യോഗികാനുമതിയോടെ യാത്രചെയ്യുമ്പോൾ ആണ് യാത്രാബത്തക്ക് അർഹതയുള്ളതെന്ന് വ്യക്തമാക്കിയിട്ടുണ്ട്.
എന്നാൽ ഓഡിറ്റ് വർഷത്തിൽ മേൽ പറഞ്ഞ ജീവനക്കാർ സമർപ്പിച്ച യാത്രാ ഡയറി, പരിശോധിച്ചതിൽ ഭൂരിഭാഗം യാത്രകളും 8 കിലോമീറ്ററിൽ താഴെയുള്ള ദൂരപരിധിക്കുള്ളിലായിരുന്നുവെന്നും ഹാൾട്ട് ഇല്ലാത്തവയാണെന്നും ബോധ്യമായിട്ടുണ്ട്. ആയതിനാൽ ഇത്തരത്തിൽ യാത്രാബത്തയനുവദിക്കുമ്പോൾ, KSR-ലെ പ്രസക്ത ചട്ടങ്ങൾ അനുസരിച്ചാണ് എന്നുറപ്പു വരുത്തുകയും ചട്ടവിരുദ്ധമായി നൽകിയ തുക തിരികെ ഈടാക്കി തനത് ഫണ്ടിലൊടുക്കുകയും ചെയ്യേണ്ടതാണ്.

1-20 പ്രവൃത്തികളുടെ മേൽ ഇൻഷുറൻസ് പരിരക്ഷ എടുത്തില്ല

നിർവ്വഹണോദ്യോഗസ്ഥൻ : അസിസ്റ്റന്റ് എഞ്ചിനീയർ
പ്രവൃത്തികളുടെ ടെണ്ടർ അംഗീകരിച്ചതിന് ശേഷം കരാറുകാർക്ക് നൽകുന്ന Letter Of Acceptance ലെ വ്യവസ്ഥ 6 പ്രകാരം , ചെയ്യുന്ന പ്രവൃത്തിയുടെ മേൽ കരാറുകാരൻ ഇൻഷുറൻസ് പരിരക്ഷ എടുക്കേണ്ടതുണ്ട്. ബിഡ് ഡോക്യുമെന്റിലെ വ്യവസ്ഥകൾക്ക് വിധേയമായി പ്രവൃത്തി ആരംഭിച്ച് 15 ദിവസത്തിനകം ഇൻഷുറൻസ് പരിരക്ഷ എടുത്തതിന്റെ രേഖകൾ ബന്ധപ്പെട്ട അധികാരികൾക്ക് (എഞ്ചിനീയർ) സമർപ്പിക്കണം. ഇത് സമർപ്പിക്കാത്ത പക്ഷം കരാർ തുകയുടെ 0.2% കരാറുകാരന് അനുവദിക്കുന്ന ബില്ലിൽ നിന്നും കുറവ് ചെയ്യേണ്ടതുണ്ട്. എന്നാൽ മേൽ വ്യവസ്ഥകൾ ഏതാനും പ്രവൃത്തികളിൽ പാലിച്ചിട്ടില്ല.

പ്രവൃത്തി	കരാർ തുക	ബില്ലിൽ നിന്നും കുറവ് ചെയ്യേണ്ട തുക
തോട്ടേരി തോട് പാർശ്വഭിത്തി നിർമ്മാണം (SO147/24)	423584	847
പാലക്കുറ്റ്യാഴി തോടിന്റെ കൈവഴി പുത്തൻതെരു ഗണപതിക്ഷേത്രം തോട് പാർശ്വഭിത്തി നിർമ്മാണം (SO79/24)	454315	908
പോത്തന്നൂർ അങ്ങാടി പാറമ്മൽ കുളം നവീകരണം (SO145/24)	505541	1011
പഴംകുളം സംരക്ഷണം (82/24)	715960	1432
അല്ലൂർ പരപ്പിൽ തോട് പാർശ്വഭിത്തി സംരക്ഷണം (SO78/24)	361868	723
കരിങ്കപ്പാറ പള്ളിപ്പീടിക പള്ളിക്കത്താഴം തോട് പാർശ്വഭിത്തി സംരക്ഷണം (SO81/24)	687960	1376
കൈതക്കുളം സംരക്ഷണം (SO76/24)	1038518	2077
കുറിയോടത്ത് മുഹമ്മദാലി സ്മാരക കുടിവെള്ളപദ്ധതി (SO0146/24)	364584	729
	ആകെ	9103

അപാകതക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകവയറിക്ക് (1/16.12.2024) പ്രവൃത്തികളുടെ എഗ്രിമെന്റ് വെക്കുന്ന വേളയിൽ കരാറുകാർ ഇൻഷുറൻസ് പോളിസി വിവരങ്ങൾ എത്തിക്കാം എന്നറിയിക്കുകയും പിന്നീട് ആയതിന്റെ പകർപ്പ് എത്തിക്കുന്നതിന് വിട്ടു പോവുകയാണുണ്ടായത് എന്നുമാണ് മറുപടി ലഭ്യമാക്കിയത്. മേൽ പ്രവൃത്തികളിൽ കരാർ തുകയുടെ 0.2% ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

ഭാഗം -2
വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3
ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ്

നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -4
പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

വർഷം	സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി	സർട്ടിഫിക്കറ്റ് നമ്പർ/ തീയതി
2023-24	11-12-2024 മുതൽ 20-12-2024 വരെ	ഈ റിപ്പോർട്ടിലെ ഖണ്ഡിക 1-1, അനുബന്ധം 1,2 ആയി ചേർത്തിട്ടുണ്ട്.

4-2 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

നൽകിയ സ്ഥാപനം	ലഭിച്ച തുക	പദ്ധതി പേര്, നം.	ചെലവഴിച്ച തുക	നീക്കിയിരിപ്പ്
ജില്ലാ പഞ്ചായത്ത്	98000	99/24 പി എം എ വൈ വിഹിതം നൽകൽ ജനറൽ 2021-22	98000	0
	392000	92/24 പി എം എ വൈ പട്ടികജാതി 2021-22 വർഷം കരാർ വെച്ചവരിൽ അവശേഷിക്കുന്ന ഗുണഭോക്താക്കൾക്ക് ത്രിതല പഞ്ചായത്ത് വിഹിതം നൽകൽ	392000	0
ഗ്രാമ പഞ്ചായത്ത്	280000	99/24 പി എം എ വൈ വിഹിതം നൽകൽ ജനറൽ 2021-22	280000	0
	700000	92/24 പി എം എ വൈ പട്ടികജാതി 2021-22 വർഷം കരാർ വെച്ചവരിൽ അവശേഷിക്കുന്ന ഗുണഭോക്താക്കൾക്ക് ത്രിതല പഞ്ചായത്ത് വിഹിതം നൽകൽ	700000	0

4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല.

4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

4-5 വായ്പ/വായ്പ തിരിച്ചടവ്

ഇല്ല.

4-6 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല.

4-7 ഓഡിറ്റ് റിക്കവറി

ഇല്ല.

4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം

ബ്ലോക്ക് പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ഓഡിറ്റ് വർഷം	ഖണ്ഡിക	സമാഹൃത റിപ്പോർട്ട് വർഷം	ഖണ്ഡിക	വിഷയം	ഇപ്പോഴത്തെ അവസ്ഥ
2010-11, 2011-12, 2012-13	3-15	2013-14	ലഘു അവലോകനം	പ്രോക്യൂർമെന്റ് മാനുവൽ	തീർപ്പാക്കിയിട്ടില്ല

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല.

4-10 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം.

ഓഡിറ്റ് വർഷത്തെ ആകെ വരവ്	6,80,96,179
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	7,16,06,574
വരവിനങ്ങളിലുള്ള നഷ്ടം	ഇല്ല
ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	ഇല്ല
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	3,31,042

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം.

ഇല്ല.

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക.

ഖണ്ഡിക നമ്പർ	തുക.	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
1-16	49200	മഹേഷ്. പി, ഡയറി എക്സ്റ്റൻഷൻ ഓഫീസർ
1-17	281842	ബിന്ദു. പി, ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ
ആകെ	3,31,042	

സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം.

ഇല്ല.

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ.

ഇല്ല.

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ.

ഇല്ല.

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

ഓഡിറ്റ് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം	തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം
1995-96 1996-97	എൽ എഫ് എം 4/3371/14 തിയ്യതി 21.02.2015	2
1997-98	എൽ എഫ് എം 4/3372/14 തിയ്യതി 21.02.2015	2

1998-99 ചെലവ്	എൽ എഫ് എം 4/2642/11 തിയ്യതി 21.02.2015	16
1998-99 ഡി സി ബി	എൽ എഫ് എം 12/548/10 തിയ്യതി 03.06.2010	2
1999-2000	എൽ എഫ് എം 4/3071/14 തിയ്യതി 21.02.2015	10
2000-01 വരവ്	എൽ എഫ് എം 4/3168/14 തിയ്യതി 21.02.2015	8
2001-02 ചെലവ്	എൽ എഫ് എം 4/2864/14 തിയ്യതി 21.02.2015	13
2002-03	എൽ എഫ് എം 4/2793/14 തിയ്യതി 21.02.2015	9
2003-04	എൽ എഫ് എം 4/2793/14 തിയ്യതി 21.02.2015	8
2004-05	എൽ എഫ് എം 4/1071/14 തിയ്യതി 21.02.2015	9
2005-06	എൽ എഫ് എം 4/3072/14 തിയ്യതി 23.02.2015	10
2006-07	എൽ എഫ് എം 4/2794/14 തിയ്യതി 23.02.2015	3
2007-08	എൽ എഫ് എം 4/3169/14 തിയ്യതി 23.02.2015	13
2008-09	എൽ എഫ് എം 4/2235/14 തിയ്യതി 23.02.2015	5
2009-10	എൽ എഫ്എം4/2/13 തിയ്യതി23.02.2015	3
2010-11 2011-12 2012-13	എൽ എഫ് എം 4/439/14 തിയ്യതി 24.04.2014/17.05.2014	13
2013-14	എൽ എഫ് എം 4/2455/14 തിയ്യതി 05.11.2014	8
2014-15	കെ എസ് എ -എം പി എം 8/2561/2015 തിയ്യതി 27.11.15/07.12.15	5
2015-16	നം.കെ എസ് എ എം പി എം.8/552/2017 തിയ്യതി 18.03.2017	14
2016-17	നം.കെ എസ് എ എം പി എം.8/2526/2017 തിയ്യതി 06.12.2017	7
2017-18	നം.കെ എസ് എ എം പി എം.8/380/2019 തിയ്യതി 26.04.2019	11
2018-19	കെ.എസ്.എ.എം.പി.എം.8/1258/2020 തീയതി. 28-10-20	16
2019-20	കെ.എസ്.എ.എം.പി.എം.8/1492/2022 തീയതി. 30-06-22	9
2020-21	കെ.എസ്.എ.എം.പി.എം.8/1493/2022 തീയതി. 01-07-22	10
2021-22	കെ.എസ്.എ.എം.പി.എം.8/2877/2022 തീയതി. 10-05-23	21
2022-23	കെ.എസ്.എ.എം.പി.എം.8/1952/2023 തീയതി. 06-10-23	31

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

Annexure-1
Audit Certificate

i. I have audited the attached Financial statements approved vide resolution number 1/1 dated 1/1 dated 31-05-2024 and submitted on 01-06-2024 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2024 and Balance sheet as on 31-03-2024 , with supporting forms, of the Tanur Block Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2023-2024 and Financial position of Tanur Block Panchayat as on 31-03-2024

Date: 31/12/2024 **Senior Deputy Director**

Kerala State Audit Department

Audit Report appended to the Audit Certificate of Tanur Block Panchayat for the Year 2023-2024.

1.Major Observations

Nil.

2.Other Observations

1)The following mandatory financial statements prescribed in
accounting rules of Kerala Panchayath Raj (Accounts), 2011 are not submitted for audit.
a)Ratios
b)notes on accounts
c)Comparative Statements
2) cashflow statement - Net increase in cashflow does not match with the difference
between the opening balance and closing balance of cash and cash equivalents.
3)The details of calculation of Depreciation of Fixed Asset as per Schedule B 11 of Balance Sheet

was not made available for verification (Kerala Panchayath Raj(Accounts)Rules 58-4(g)

4)Expenditures in AFS and ACR are not satisfying each other.

5) Registers are not maintained properly.

അനുബന്ധം-2
ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ താനൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2023-2024 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്